# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തിടനാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എകെടിഎംപി14-1596/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 07/02/2022
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തിടനാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തിടനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിടനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എകെടിഎംപി14-1596/21 തീയ്യതി: 07/02/2022

## കോട്ടയം ജില്ലയിലെ തിടനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ തിടനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 25-06-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 8 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 07-12-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. എം എൻ രാധാകൃഷ്ണൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹഗ്രേ) | 24-11-2021 | 07-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 24-11-2021 | 07-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ലേഖ വി, ഓഡിറ്റ് ഓഫീസർ
ശ്രീമതി.സുനിത എം എസ്, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.ഷാജിമോൻ പി ബി, സീനി.ഗ്രേഡ് ഓഡിറ്റർ
ശ്രീ.ജോഷി തോമസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ലീന ജോർജ് | പ്രസിഡന്റ് | 01-04-2019 | 14-10-2019 |
| ശ്രീമതി സുജ ബാബു | പ്രസിഡന്റ് | 07-11-2019 | 31-03-2020 |
| ശ്രീ മുഹമ്മദ് റഖീബ് റ്റി.എസ്. | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ നോബി ഐസക് | അസി. സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീ സുഭാഷ് എസ് | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ. ഡാർലി ചെറിയാൻ | എം.ഒ. ഹോമിയോ | 01-04-2019 | 31-03-2020 |
| ശ്രീമതി അന്ന കുമാരൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ. ഹരികുമാർ | എം.ഒ. ആയുർവേദ | 01-04-2019 | 31-03-2020 |
| ഡോ. ജിസ് ഫ്രാൻസിസ് | എം.ഒ.പിഎച്ച്സി | 01-04-2019 | 31-03-2020 |
| ശ്രീമതി ബ്ലെസ്സി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി പുഷ്കല പി.എൻ. | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2019 | 08-12-2019 |
| ശ്രീമതി ഓമന എം.ഡി. | ഐസിഡിഎസ് സൂപ്പർവൈസർ | 09-12-2019 | 31-03-2020 |
| ശ്രീ അജേഷ് വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ ജോബി സെബാസ്റ്റ്യൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 20-11-2019 |
| ശ്രീ പദ്മകുമാർ പി.ജി.. | വില്ലേജ് എക്സ്റ്റൻഷൻ | 02-12-2019 | 09-03-2020 |

| | | | |
|---|---|---|---|
| | ഓഫീസർ | | |
| ശ്രീ സൈജു ഒ.ബി. | അസി.എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീമതി പ്രീതി എ ദാമോദരൻ | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Joshy Thomas (Auditor, On 03-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 05-02-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Joshy Thomas (Auditor, On 05-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 05-02-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Joshy Thomas (Auditor, On 03-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 05-02-2022) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Joshy Thomas (Auditor, On 05-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 05-02-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Lekha V (Audit Officer, On 07-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 07-02-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Sunitha M S (Senior Grade Auditor, On 08-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 05-02-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Joshy Thomas (Auditor, On 03-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 05-02-2022) | 1-7 |
| 8 | ക്യാഷ് വേരിഫിക്കേഷൻ<br>Written By: Joshy Thomas (Auditor, On 03-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 05-02-2022) | 1-8 |
| 9 | ആഭ്യന്ത്യരനിയന്ത്രണ സംവിധാനം<br>Written By: Lekha V (Audit Officer, On 07-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 05-02-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.<br>Written By: Joshy Thomas (Auditor, On 03-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 05-02-2022) | 1-10 |
| 11 | റികൺസിലിയേഷൻ നടപടികളിലെ അപാകതകൾ<br>Written By: Joshy Thomas (Auditor, On 07-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 05-02-2022) | 1-11 |
| 12 | വസ്തുനികുതി കുറവായി നിർണയിച്ചു<br>Written By: Joshy Thomas (Auditor, On 07-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 05-02-2022) | 1-12 |
| 13 | തൊഴിൽ നികുതി അടവാക്കുന്നില്ല<br>Written By: Joshy Thomas (Auditor, On 07-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 07-02-2022) | 1-13 |
| 14 | പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നില്ല<br>Written By: P B Shajimon (Auditor, On 08-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 05-02-2022) | 1-14 |
| 15 | ഇ-ടെൻഡർ ഫീസ് പഞ്ചായത്ത് അക്കൗണ്ടിൽ ലഭിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടില്ല<br>Written By: Lekha V (Audit Officer, On 08-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 05-02-2022) | 1-15 |
| 16 | വെട്ടിമാറ്റിയ തടി ലേലം ചെയ്യുതിട്ടില്ല<br>Written By: P B Shajimon (Auditor, On 08-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 05-02-2022) | 1-16 |

| | | |
|---|---|---|
| 17 | കുഴൽ കിണർ നിർമ്മാണത്തിനായി ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ ഡിപ്പോസിറ്റ് ചെയ്ത തുകയിൽ ചെലവഴിച്ചതിന് ശേഷം ബാക്കി വന്ന തുക തിരികെ ഈടാക്കിയിട്ടില്ല<br>Written By: Lekha V (Audit Officer, On 07-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 05-02-2022) | 1-17 |
| 18 | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കലിനായി കെ.എസ്.ഇ.ബിയിൽ ഡിപ്പോസിറ്റ് ചെയ്ത തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല<br>Written By: Lekha V (Audit Officer, On 07-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 07-02-2022) | 1-18 |
| 19 | വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം - വിലയിനത്തിൽ അധികം നല്കിയ തുക തിരികെ ഈടാക്കേണ്ടതാണ്.<br>Written By: Sunitha M S (Senior Grade Auditor, On 08-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 07-02-2022) | 1-19 |
| 20 | ബാരൽവില സർക്കാരിലേയ്ക്ക് അടവാക്കിയിട്ടില്ല<br>Written By: Lekha V (Audit Officer, On 08-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 05-02-2022) | 1-20 |
| 21 | കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ വിശകലനം<br>Written By: P B Shajimon (Auditor, On 08-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 07-02-2022) | 1-21 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം<br>Written By: Joshy Thomas (Auditor, On 03-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 07-02-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Joshy Thomas (Auditor, On 03-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 05-02-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നല്കിയ തുകയുടെ വിവരങ്ങൾ<br>Written By: Joshy Thomas (Auditor, On 03-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 07-02-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ<br>Written By: Joshy Thomas (Auditor, On 03-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 05-02-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Joshy Thomas (Auditor, On 04-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 07-02-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Joshy Thomas (Auditor, On 04-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 05-02-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Joshy Thomas (Auditor, On 04-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 05-02-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Joshy Thomas (Auditor, On 04-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 05-02-2022) | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം<br>Written By: Joshy Thomas (Auditor, On 04-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 05-02-2022) | 4-9 |

| | | |
|---|---|---|
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Joshy Thomas (Auditor, On 04-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 07-02-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Joshy Thomas (Auditor, On 04-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 07-02-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

2019-2020 വർഷത്തെ ബജറ്റ്/പുതുക്കിയ ബജറ്റ് 26.2.2019ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് -ചെലവ് കണക്കുകളും യഥാർഥ വരവ് -ചെലവ് കണക്കുകളും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് |
|---|---|---|
| മുന്നിരിപ്പ് | 37494588 | 16030154 |
| വരവ് | 162032110 | 61942592 |
| ആകെ | 199526698 | 77972746 |
| ചെലവ് | 170023556 | 63122440 |
| നീക്കിയിരിപ്പ് | 29503142 | 14850306 |

ബജറ്റ് പ്രകാരം 15.47 കോടി രൂപയുടെ പ്രതീക്ഷിത വരവും 15.88 കോടി രൂപയുടെ പ്രതീക്ഷിത ചെലവുമാണ് കണക്കാക്കിയത്. പഞ്ചായത്തിന്റെ 2019-20 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക(I&E) പ്രകാരം വരുമാനം 8.76 കോടി രൂപയും ചെലവ് 8.84 കോടി രൂപയുമാണ്.

### 1-2 വാർഷികധനകാര്യപത്രിക

2019-20 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 26.07.2011ലെ ജി.ഒ(എംഎസ്)152/11 എൽ.എസ്.ജി.ഡി. ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ച് ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.
2. ഗ്രാമപഞ്ചായത്തിന്റെ ആസ്തി-ബാദ്ധ്യതകളുടെ വർഗ്ഗീകരണവും, മൂല്യനിർണ്ണയവും നടത്തുന്ന നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ലാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.
3. വസ്തുനികുതിയുടെ വാർഷികധനകാര്യപത്രിക പ്രകാരമുള്ള കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ്‌വെയറിലെ കളക്ഷൻ, ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.
4. ഇലക്ട്രിസിറ്റി ബോർഡിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളതായി ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള തുകകൾ വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റുമായി പൊരുത്തപ്പെടുന്നില്ല.
5. മുൻവർഷത്തെ വാർഷിക ധനകാര്യപത്രിക പ്രകാരം ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട് മെന്റിൽ തുകകളൊന്നും ഡെപ്പോസിറ്റ് ചെയ്തിട്ടില്ലെങ്കിലും ഡെപ്പോസിറ്റ് രജിസ്റ്ററിൽ മുൻബാക്കിയായി 46657 രൂപ രേഖപ്പെടുത്തിയിട്ടാണ് തൻവർഷ വരവ് രേഖപ്പെടുത്തിയിട്ടുള്ളത്.
6. 'Advance To Others' എന്ന B-18 ഷെഡ്യൂളിലെ തുകയായ 64119 രൂപ 2014-15 വർഷം മുതൽ 2017-18 വർഷം വരെ എംജിഎൻആർഇജിഎ ഹോണറേറിയം. ടെലിഫോൺ ചാർജ് ഉൾപ്പെടെയുള്ള ആവശ്യങ്ങൾക്കായി നൽകിയിട്ടുള്ള തുകകളായാണ് ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ആയത് ക്രമീകരിക്കാതെ അവശേഷിക്കുന്നു.
7. 'Advance To Implementing Officers' എന്ന B-18 ഷെഡ്യൂളിലെ തുകയായ 95340/-, 2016-17 ൽ മെഡിക്കൽ ഓഫീസർ പിഎച്ച്സിക്ക് പാലിയേറ്റീവ് കെയർ, എൻ എച്ച് എം സ്റ്റാഫ് ഹോണറേറിയത്തിനായി നൽകിയ തുകകളായാണ് ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ആയത് ക്രമീകരിക്കാതെ അവശേഷിക്കുന്നു.
8. Other Advances എന്ന B-18 ഷെഡ്യൂളിലെ 34620/-, 2013-14 മുതൽ 2018-19 വരെ വിവിധ

ചെലവുകൾക്കായി നൽകിയ തുകകൾ ക്രമീകരിക്കാതെയോ റീഫണ്ട് ചെയ്യാതെയോ അവശേഷിക്കുന്നവയാണ്.

9. ലേലം/ഓഡിറ്റോറിയം,ഹാൾ വാടക രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക ധനകാര്യപത്രികയിലെ ഈയിനങ്ങളിലെ തുകയുടെ കൃത്യത പരിശോധിക്കാനായില്ല.

10. എം.ജി.എൻ.ആർ.ഇ.ജി.എസ് സംബന്ധിച്ച് വാർഷികധനകാര്യ പത്രികയിലെ കണക്ക് ലഭ്യമാക്കിയ കാഷ് ബുക്കുമായി പൊരുത്തപ്പെടുന്നില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 16030154 |
| ഓഡിറ്റ് വർഷത്തെ വരവ് | 61942592 |
| ആകെ | 77972746 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 63122440 |
| നീക്കിയിരിപ്പ് | 14850306 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 331260 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 11423000 | 11423000 | 11340500 | 82500 |
| വികസന ഫണ്ട് (എസ്.സി.പി.) | 0 | 2716000 | 2716000 | 2095457 | 620543 |
| വികസനഫണ്ട് (ടി.എസ്.പി.) | 0 | 308000 | 308000 | 308000 | 0 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ്(ടൈഡ്) | 0 | 0 | 0 | 0 | 0 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ്(അൺ ടൈഡ്) | 0 | 8732153 | 8732153 | 5568243 | 3163910 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 0 | 11517000 | 11517000 | 5907350 | 5609650 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) | 0 | 3642000 | 3642000 | 1989695 | 1652305 |
| ഐസിഡിഎസ് | 72755 | 422014 | 494769 | 389793 | 104976 |

ജി ഒ പ്രോജക്റ്റായി സ്രോതസ്സിൽ കുറവ് ചെയ്ത തുകകൾ വാർഷികകണക്കിൽ (RP 7) ഉൾപ്പെടുത്താത്തതിനാൽ പൊതുവിഭാഗം വികസനഫണ്ട്, എസ് സി പി, ടി എസ് പി തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, റിസീറ്റ് & പേമെന്റ് പത്രിക എന്നിവയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

വികസനഫണ്ടിന്റെ പൊതുവിഭാഗം വിഹിതത്തിൽനിന്ന് 1779412/-രൂപയും എസ് സി പി വിഹിതത്തിൽ നിന്ന് 29412 രൂപയും ടിഎസ് പി വിഹിതത്തിൽ നിന്ന് 14706 രൂപയും ഉറവിടത്തിൽ നിന്നും കുറവ് ചെയ്തതിനുശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. ആയതിനാൽ ടി തുകകൾ ഉൾപ്പെടെയാണ് സുലേഖ സോഫ്റ്റ്‌വെയറിൽ ചേർത്തിട്ടുള്ളത്. എന്നാൽ സ്ഥാപനത്തിൽ ടി തുകകൾ പണമായി ലഭിക്കാതിരുന്നതിനാൽ വാർഷികകണക്കുകളുടെ ഭാഗമായ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റിലും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലും ടി തുകകൾ ഉൾപ്പെട്ടിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഗ്രാമപഞ്ചത്തിന്റെ 2019-20വാർഷികപദ്ധതിയ്ക്ക് ജില്ലാ ആസൂത്രണസമിതിയുടെ 31/03/2020 ലെ 80898/20 DPC/DPO/KTM നം.ഉത്തരവ് പ്രകാരം അന്തിമാംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിരൂപീകരണത്തിന്റെ വിവിധഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ | 4/10/2018,22.11.2018 |
| പദ്ധതിരൂപീകരണഗ്രാമസഭകൾ | 17.11.2018മുതൽ 20/11/2018 |
| വികസനസെമിനാർ | 1/12/2018 |
| ഊരുകൂട്ടം | 29/10/2018,14 /02/2019 |

വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 86410839/ രൂപയും ആകെ ചെലവ് 45809126/രൂപയുമാണ്. അംഗീകാരം ലഭിച്ച 175 പ്രോജക്ടുകളില് 116 എണ്ണം നടപ്പാക്കിയിട്ടുണ്ട്. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| ക്രമനം. | നിർവ്വഹണോദ്യോഗസ്ഥർ | ഏൽപ്പിച്ച പദ്ധതി കളുടെ എണ്ണം | നിർവ്വഹിച്ചപദ്ധതി കളുടെ എണ്ണം | അടങ്കൽ | ചെലവ് |
|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 8 | 5 | 1661550 | 733600 |
| 2 | വെറ്ററിനറി സർജൻ | 4 | 4 | 2257000 | 2064500 |
| 3 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 3 | 3 | 800000 | 800000 |
| 5 | മെഡിക്കൽ ഓഫീസർ-ആയുർവേദം | 1 | 1 | 400000 | 400000 |
| 6 | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ 1 | 13 | 12 | 38810368 | 20574330 |
| 7 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 6 | 3 | 3395500 | 1682438 |
| 8 | സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | 35 | 19 | 9111149 | 4165241 |

| | | | | | |
|---|---|---|---|---|---|
| 10 | അസിസ്റ്റന്റ് എഞ്ചിനീയർ | 93 | 57 | 28094717 | 13624815 |
| 11 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 540000 | 540000 |
| 12 | അസിസ്റ്റന്റ് സെക്രട്ടറി | 11 | 11 | 1340555 | 1224202 |
| | ആകെ | 175 | 116 | 86410839 | 45809126 |

മെയിന്റനൻസ് ഗ്രാന്റ് റോഡ്,നോൺറോഡ് വിഭാഗത്തിൽ വകയിരുത്തിയ തുകയിൽ യഥാക്രമം 42.76%,46.28% മാത്രമാണ് ചെലവഴിയ്ക്കാൻ സാധിച്ചത്.അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ ഭൂരിഭാഗം പ്രവൃത്തികളും റോഡ് കോൺക്രീറ്റിംഗ്,റീ കോൺക്രീറ്റിംഗ് പ്രവൃത്തികളാണ്.

അസിസ്റ്റന്റ് എഞ്ചിനീയറെ നിർവ്വഹണത്തിന് ഏൽപ്പിച്ചിരുന്ന 93 പ്രോജക്റ്റുകളിൽ 57എണ്ണം മാത്രമാണ് തൻവർഷം പൂർത്തീകരിയ്ക്കാൻ സാധിച്ചത്.

- 2019-20 സാമ്പത്തിക വർഷം പദ്ധതി വിഹിതം (പൊതു വിഭാഗം)99.27% വും,ടി.എസ്.പി വിഭാഗം 100% ചെലവഴിയ്ക്കാൻ സാധിച്ചു.

ധനകാര്യകമ്മീഷൻ അവാർഡിനത്തിൽ വകയിരുത്തിയ 10270000/-രൂപയിൽ തൻ വർഷം ചെലവഴിയ്ക്കാൻ സാധിച്ചത് 5568243/-രൂപ മാത്രമാണ്(54.21%)

പ്രോജക്റ്റുകൾ സമയബന്ധിതമായി ആവിഷ്കരിച്ച് നടപ്പിലാക്കാൻ സാധിക്കാത്തതിനാൽ 11128908/-രൂപ ഗ്രാമപഞ്ചായത്തിന് നഷ്ടമായിട്ടുണ്ട്.

<u>നിശ്ചിത ലക്ഷ്യം കൈവരിയ്ക്കാകയാൽ 1.11കോടി രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടു</u>

2019-20 വർഷം സർക്കാർ ഫണ്ടുകളുടെ വിനിയോഗത്തിൽ ഗ്രാമപഞ്ചായത്തിന് നിശ്ചിത ലക്ഷ്യം കൈവരിയ്ക്കാൻ സാധിച്ചിട്ടില്ല.5496554/- രൂപയുടെ ബില്ലുകൾ ക്യൂവിലായതിനാൽ തൻവർഷം ചെലവഴിയ്ക്കാൻ സാധിച്ചില്ല.ട്രഷറി നിയന്ത്രണങ്ങളും,കോവിഡ് മൂലമുള്ള ലോക്ക് ഡൗണും കാരണമാണ് പദ്ധതി തുകയുടെ വിനിയോഗത്തിൽ കുറവ് സംഭവിച്ചിട്ടുള്ളത്.തൻവർഷം സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുത്ത തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | സഞ്ചിതനിധിയിലേയ്ക്ക് തിരികെ അടവാക്കിയ തുക |
|---|---|
| വികസനഫണ്ട് | 82500 |
| എസ്.സി.പി | 620543 |
| മെയിന്റനൻസ് ഫണ്ട്(റോഡ്) | 5609650 |
| മെയിന്റനൻസ് ഫണ്ട്(നോൺറോഡ്) | 1652305 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 3163910 |
| ആകെ | 11128908 |

സ്പിൽ ഓവർ പ്രോജക്റ്റുകൾക്കുള്ള ക്യാരി ഓവർ വിഹിതം സർക്കാരിൽ നിന്നും ലഭിക്കുന്നില്ലാത്തതിനാൽ സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ട 1.11 കോടി രൂപ ആത്യന്തികമായി ഗ്രാമപഞ്ചായത്തിന് നഷ്ടമായി. 1.11കോടിയിലധികം രൂപ തൻവർഷം ചെലവഴിക്കാനാവാതെ പാഴായി എന്നത് പഞ്ചായത്ത് കമ്മിറ്റി ഗൗരവമായി കാണേണ്ടതും ഭാവിയിൽ വിനിയോഗ ലക്ഷ്യം കൈവരിയ്ക്കാൻ ശ്രദ്ധിയ്ക്കേണ്ടതുമാണ്. ഭരണസമിതിയും, സ്റ്റാന്റിംഗ് കമ്മിറ്റികളും, വർക്കിംഗ് ഗ്രൂപ്പുകളും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ ശ്രദ്ധപതിയ്ക്കേണ്ടതാണ്.

1-6 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയുടെ 2019-20 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 14വാർഡുകളിലെ തൊഴിലാളികളെ ഉൾപ്പെടുത്തി ലേബർ ഗ്രാമസഭകൾ കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2019-20 വർഷം സാങ്കേതിക അനുമതി ലഭിച്ച 241പ്രോജക്ടുകളിൽ 151എണ്ണം തൻവർഷം പൂർത്തിയാക്കി. 2019-20 വർഷം 41331തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 757 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. മഴക്കുഴി നിർമ്മാണം, കിണർ നിർമ്മാണം,റോഡ് കോൺക്രീറ്റിംഗ്,കന്നുകാലിത്തൊഴുത്ത് നിർമ്മാണം,ആട്ടിൻകൂട് നിർമ്മാണം,കോഴിക്കൂട് നിർമ്മാണം,അംഗൻവാടി നിർമ്മാണം എന്നിവയാണ് 2019-2020 ൽ നടപ്പാക്കിയ പ്രധാനപ്രോജക്ടുകൾ. MGNREGS ക്യാഷ്ബുക്ക് പ്രകാരമുള്ള 2019-20 വരവ്-ചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | | 3895 |
| വരവ് | ഇ.എഫ്.എം.എസ്. വരവ് | 15263034 | 16060695 |
| | ക്യാഷ് വരവ്(ബാങ്ക് പലിശ ഉൾപ്പടെ) | 797661 | |
| ആകെ | | | 16064590 |
| ചെലവ് | തൊഴിലാളികളുടെ വേതനം | 11367714 | 15848970 |
| | വിദഗ്ധ തൊഴിലാളികളുടെ വേതനം | 1013457 | |
| | ഉപകരണങ്ങളുടെ വില, വാടക | 2881863 | |
| | ഭരണ ചെലവുകൾ (ബാങ്ക് ചാർജ് ഉൾപ്പടെ) | 585936 | |
| നീക്കിയിരുപ്പ് | | | 215620 |

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 25560 | 31 |
| കർഷകതൊഴിലാളി പെൻഷൻ | 910800 | 128 |
| വിധവാപെൻഷൻ | 2923600 | 486 |
| വാർദ്ധക്യകാലപെൻഷൻ | 9699300 | 1739 |
| വികലാംഗപെൻഷൻ | 1421200 | 233 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള | 261600 | 45 |

| | | |
|---|---|---|
| അവിവാഹിതർക്കുള്ള പെൻഷൻ | | |

## 1-8 ക്യാഷ് വേരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24-11-2021 3.30 പി എം ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3984/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്ത്യരനിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഗ്രാമപഞ്ചായത്തിലെ വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ഓഫീസ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓഫീസ് ഉത്തരവുകൾ പ്രകാരം ചെലവുകളുടെ നിയമസാധുത പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് സെക്ഷൻ ക്ലർക്കിനെയും ഉപരിപരിശോധനയ്ക്ക് അക്കൗണ്ടന്റിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ജീവനക്കാർ സ്ഥലം മാറിപ്പോവുന്ന സന്ദർഭങ്ങളിൽ ഓഫീസ് ഓർഡർ പ്രകാരം ചുമതലാകൈമാറ്റം നടത്തുന്നുണ്ട്. വൗച്ചറുകൾ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടുണ്ട്. തൻ വർഷം വസ്തുനികുതി വളരെ നല്ല നിലയിൽ പിരിച്ചെടുത്തിട്ടുണ്ട്. നികുതി കുടിശിക വരവുകൾ ഈടാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിക്കുന്നുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 31.5.2018 | 2017-18 | LBA(HQ)II/1 /8A-54 /2018-19/78 തീയതി 10.7.2018 |
| പെർഫോർമൻസ് ഓഡിറ്റ് | 1.9.21-6.9.21 | 2020-21 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |

## 1-11 റികൺസിലിയേഷൻ നടപടികളിലെ അപാകതകൾ

പഞ്ചായത്തിൽ ഉപയോഗത്തിലുള്ള ബാങ്ക് അക്കൗണ്ടുകളുടെ റീകൺസിലിയേഷൻ പത്രിക പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. പഞ്ചായത്തിന്റെ തനതുഫണ്ട് കൈകാര്യം ചെയ്യുന്ന തിടനാട് സർവീസ് സഹകരണ ബാങ്കിന്റെ മാർച്ച് മാസത്തെ റീകൺസിലിയേഷൻ പത്രിക പ്രകാരം പഞ്ചായത്തിൽ നിന്നും ഇഷ്യൂ ചെയ്തിട്ടുള്ള ചെക്കുകൾ മാസങ്ങൾ കഴിഞ്ഞിട്ടും നടപടികളൊന്നുമെടുക്കാതെ തുടരുന്നതായി കണ്ടു. തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വൗച്ചർ നം/തീയതി | ഇൻസ്ട്രുമെന്റ് നം/തീയതി | തുക |
|---|---|---|---|
| 1 | 21800886/1.3.2019 | 2911/28.3.2019 | 1230 |

| | | | |
|---|---|---|---|
| 2 | 21900091/24.5.2019 | 3128/24.5.2019 | 4850 |
| 3 | 21900380/25.9.2019 | 3244/24.9.2019 | 3100 |

പ്രസ്തുത ചെക്കുകൾ ഇഷ്യൂ ചെയ്തിട്ട് മൂന്ന മാസത്തിൽ അധികരിച്ചിട്ടും തുകകൾ സ്റ്റെയ്ൽ ചെക്ക് ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല. ബാലൻസ് ഷീറ്റ് പ്രകാരം മുൻവർഷത്തെ 3000 രൂപ മാത്രമാണ് ഈ ശീർഷകത്തിൽ ഉൾപ്പെട്ടിട്ടുള്ളത്. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് മൂന്ന മാസ കാലാവധി കഴിഞ്ഞ ചെക്കുകൾ റീവാലിഡേറ്റ് ചെയ്ത് നൽകുന്നത് സഹകരണ ബാങ്കിൽ നിന്നും മാറി നൽകുന്ന സാഹചര്യമുണ്ടായിരുന്നതിനാലാണ് കാലാവധി കഴിഞ്ഞ ചെക്കുകകൾ സ്റ്റെയിൽ ചെക്ക് എന്ന ശീർഷകത്തിലേക്ക് മാറ്റുന്നതിന് താമസമുണ്ടായിട്ടുള്ളതെന്നും നിലവിൽ കാലാവധി കഴിഞ്ഞ ചെക്കുകൾ പ്രസ്തുത ശീർഷകത്തിലേക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി ലഭിച്ചു..

2. തനതു ഫണ്ട് അക്കൗണ്ടായ എസ് ബിഐ തിടനാടിന്റെ മാർച്ച് മാസത്തെ റീകൺസിലിയേഷൻ പത്രിക പ്രകാരം ചെക്ക് ഡെപ്പോസിറ്റ് ചെയ്തിട്ടും കളക്ഷനാകാത്ത തുകയായി രേഖപ്പെടുത്തിയിട്ടുള്ള 2500 രൂപ 20.2.2018 ലെ തുകയാണ്. (വൗച്ചർ നം. 117010500020/22.2.2018). ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് തുക 2018-19 ൽ തന്നെ അക്കൗണ്ടിൽ വന്നിട്ടുള്ളതാണെന്നും റീകൺസിൽ ചെയ്യാതെ തുടർന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.
ഈ അക്കൗണ്ടിൽ നിന്നും ഇഷ്യൂ ചെയ്തിട്ടുള്ള ചെക്കുകളിൽ മാറാതെ അവശേഷിക്കുന്ന രണ്ട് ചെക്കുകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വൗച്ചർ നം/തീയതി | ഇൻസ്ട്രുമെന്റ് നം/തീയതി | തുക |
|---|---|---|---|
| 1 | 31900181/5.10.19 | 1221/26.10.19 | 4050 |
| 2 | 31900182/5.10.19 | 1223/26.10.19 | 21720 |

മേൽ തുകകൾ ബാലൻസ് ഷീറ്റിലെ സ്റ്റെയിൽ ചെക്ക് എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയതായോ മറ്റ് നടപടികൾ സ്വീകരിച്ചതായോ കാണുന്നില്ല. ആയത് പരിഹരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

3. ഇ പെയ്മെന്റ് അക്കൗണ്ട് ഉൾപ്പെടെയുള്ള അക്കൗണ്ടുകളുടെ റീകൺസിലിയേഷൻ എല്ലാ മാസവും കൃത്യമായി തയ്യാറാക്കുന്നില്ല. മാസങ്ങളോളം അക്കൗണ്ടിൽ വന്ന തുകകളും പിൻവലിച്ച തുകകളും പാസ് ബുക്ക്-ബാങ്ക് ബുക്ക് പൊരുത്തപ്പെടുത്തൽ നടത്താതെ അവശേഷിക്കുന്നതായി കാണുന്നു. കോവിഡ് പ്രതിസന്ധി മൂലം പ്രവൃത്തിദിനങ്ങൾ തികയാതിരുന്നതിനാലാണ് പ്രതിമാസം റികൺസിലിയേഷൻ ചെയ്യാൻ സാധിക്കാതിരുന്നതെന്ന് മറുപടി ലഭിച്ചു. പഞ്ചായത്തിന്റെ അക്കൗണ്ടുകളിലെ ക്രയവിക്രയങ്ങളുടെ കൃത്യത ഉറപ്പാക്കി എല്ലാ മാസവും ബാങ്ക് റിക്കൺസിലിയേഷൻ നടപടികൾ പൂർത്തിയാക്കി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

1-12 വസ്തുനികുതി കുറവായി നിർണയിച്ചു

വാണിജ്യാവശ്യത്തിനുള്ള 100 ച.മീ. ന് മുകളിലുള്ള ഹോട്ടൽ, ഷോപ്പുകൾ, റെസ്റ്റോറന്റുകൾ,ഗോഡൗൺ എന്ന ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് 30/ച.മീ എന്ന നിരക്കിലും 100 ച.മീ. ന് മുകളിൽ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് 50/ച.മീ. എന്ന നിരക്കുമാണ് പഞ്ചായത്തിൽ ഈടാക്കുന്നത്. വസ്തുനികുതി പരിശോധനയിൽ ശ്രീ. പി.റ്റി. ലൂക്കോസ്, പുതുപറമ്പിൽ, അരുവിത്തുറ എന്ന വ്യക്തിയുടെ പേരിലുള്ള 4/334 I എന്ന കെട്ടിടത്തിന് 100 ച.മീറ്ററിൽ താഴെയുള്ള കെട്ടിടം എന്ന ഗണത്തിൽ ഉൾപ്പെടുത്തി നികുതി നിർണയിച്ചതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കെട്ടിട നം. 4/334 I

വിസ്തീർണ്ണം-101.75ച.മീ.

നിർണ്ണയിച്ച വസ്തുനികുതി

നിർണയിച്ച വസ്തുനികുതി നിരക്ക്- 30/ച.മീ.

അടിസ്ഥാന വസ്തുനികുതിയുള്ള വർദ്ധനവ്-20% (വഴി സൗകര്യം)

ലൈബ്രറി സെസ്-5%

നിർണയിച്ച വസ്തുനികുതി-101.75X30=3052.5+610.5(20% വർദ്ധനവ്)=3663, +184(5% LC)=3847

നിർണ്ണയിക്കേണ്ട വസ്തുനികുതി

നിർണയിക്കേണ്ട വസ്തുനികുതി നിരക്ക്- 50/ച.മീ.
അടിസ്ഥാന വസ്തുനികുതിയുള്ള വർദ്ധനവ്-20% (വഴി സൗകര്യം)

ലൈബ്രറി സെസ്-5%

നിർണയിക്കേണ്ട വസ്തുനികുതി-01.75X50=5087.5+1017.5(20% വർദ്ധനവ്)=6105, +306(5% LC)=6411

ഓഡിറ്റ് അന്വേഷണത്തിന് അപാകതക പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭിച്ചു. വസ്തുനികുതി പുതുക്കി നിർണയിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-13 തൊഴിൽ നികുതി അടവാക്കുന്നില്ല

1. പഞ്ചായത്തിന്റെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന യോഗ സുധ ആയുർവേദിക് ആശുപത്രി എന്ന സ്ഥാപനത്തിലെ ജീവനക്കാർ തൊഴിൽ നികുതി അടവാക്കിയിട്ടില്ലെന്നു കാണുന്നു. ഡി ആന്റ് ഒ ലൈസൻസ് പ്രകാരം 28 പേർ സ്ഥാപനത്തിൽ ജോലി ചെയ്യുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്.

2. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ക്ഷീരോദ്പാദക സംഘങ്ങൾ, റേഷൻ കടകൾ, കള്ളു ഷാപ്പുകൾ എന്നീ സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽ നികുതിയോ സ്ഥാപന തൊഴിൽ നികുതിയോ അടവാക്കുന്നില്ലെന്നു കാണുന്നു.
ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി അടവാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭിച്ചു.
മേൽ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതിയും സ്ഥാപന തൊഴിൽ നികുതിയും അടവാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-14 പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നില്ല

2019-20 സാമ്പത്തിക വർഷം 192 സ്ഥാപനങ്ങളാണ് ലൈസൻസ് പരിധിയിൽ വന്നിട്ടുള്ളത്. മുൻ വർഷം 191 സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിരുന്നു. തൻവർഷം നികുതി നിർണ്ണയം നടത്തിയ വാണിജ്യകെട്ടിടങ്ങളുടെ എണ്ണം, പുതുതായി ലൈസൻസ് എടുത്ത സ്ഥാപനങ്ങൾ എന്നിവ പരിഗണിച്ചാൽ 2018-19 വർഷം ലൈസൻസ് എടുത്തിരുന്ന പല സ്ഥാപനങ്ങളും ലൈസൻസ് പുതുക്കിയിട്ടില്ല എന്ന് കാണാം. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കള്ളുഷാപ്പുകൾ, റേഷൻ കടകൾ എന്നിവയൊന്നും ലൈസൻസ് പരിധിയിൽ വന്നിട്ടില്ല. കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റു സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടിക I ലെ ക്രമ നം.139 പ്രകാരം അബ്കാരി ഷാപ്പുകളിലെ സംഭരണം/വിൽപ്പന ക്രമനം. 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ എന്നിവയ്ക്ക് ലൈസൻസ് നിർബന്ധമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിന്റെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിലുള്ള റേഷൻ കടകളും അബ്കാരി ഷാപ്പുകളും ലൈസൻസെടുത്തിട്ടില്ലെന്നു കാണുന്നു. പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 232 പ്രകാരം പഞ്ചായത്ത് സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെ ഏതാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടില്ലെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

വാണിജ്യാവശ്യത്തിനായി പെർമിറ്റെടുത്ത് നിർമിച്ച് വസ്തുനികുതി നിർണയിക്കുന്ന കെട്ടിടങ്ങളുടെ

എണ്ണം ഓരോ വർഷവും കൂടി വരുന്നുണ്ടെങ്കിലും ലൈസൻസെടുക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം കുറഞ്ഞു വരുന്നതായാണ് കാണുന്നത്. സഞ്ചയ സോഫ്റ്റ് വെയറിലെ വിവരങ്ങൾ പ്രകാരം വാണിജ്യ, വ്യവസായ , ഇതര ആവശ്യങ്ങൾക്കായി 1173 കെട്ടിടങ്ങൾ നികുതി നിർണ്ണയം നടത്തിയിട്ടുണ്ട്. വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കാനും ആയത് വർഷാവർഷം പുതുക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-15 ഇ-ടെൻഡർ ഫീസ് പഞ്ചായത്ത് അക്കൗണ്ടിൽ ലഭിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടില്ല

ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കി വരുന്നത് അതാത് ജില്ലാപഞ്ചായത്ത് എക്സി.എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലാണ്. ടി തുകകൾ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്കുള്ള വരുമാനം കൂടിയാണ്. ചീഫ് എൻജിനീയറുടെ 17.8.2017 ലെ DB1/7942/2010/CE /LSGDനം.സർക്കുലർ പ്രകാരം ഇ ടെണ്ടറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും SBIയിൽ ഒരു കറണ്ട് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. തിടനാട് ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിലൊരു കറണ്ട് അക്കൗണ്ട് അസിസ്റ്റന്റ് എഞ്ചിനീയർആരംഭിച്ചിട്ടുണ്ടെങ്കിലും ഇ-ടെണ്ടർ ഫീസ് ഗ്രാമപഞ്ചായത്തിൽ ലഭിച്ചിട്ടില്ല. 2019-20 വർഷം ഇ -ടെണ്ടർ ഫീസ് ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭ്യമാകേണ്ട തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നം. | പ്രോജക്റ്റിന്റെ പേര് | ലഭിച്ച ടെണ്ടറുകളുടെ എണ്ണം | ടെണ്ടർ ഫീസ് | ആകെ ടെണ്ടർ ഫീസ് |
|---|---|---|---|---|
| 5/20 | വട്ടോളിക്കടവ് വലിയവീട്ടിൽക്കടവ് റോഡ് റീ-ടാറിംഗ് | 2 | 1200 | 2400 |
| 8/20 | ഇ-ടെൻഡർ ഫീസ് പഞ്ചായത്ത് അക്കൗണ്ടിൽ ലഭിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടില്ല തിടനാട് പൊന്തനാൽ കരിമ്പനോലി റോഡിന് റീ കോൺക്രീറ്റിംഗും റീ ടാറിംഗും സംരക്ഷണഭിത്തി നിർമ്മാണം | 3 | 1900 | 5700 |
| 30/20 | ചെമ്മലമറ്റം കല്ലറങ്ങാട് പൂവത്തോട് റോഡ് റീ ടാറിംഗ് | 2 | 1200 | 2400 |
| 47/20 | പാതാഴ മഞ്ഞക്കുന്ന് റോഡ് റീ ടാറിംഗും റീ കോൺക്രീറ്റിംഗ് ,ഓട നിർമ്മാണം | 3 | 1200 | 3600 |

| | | | | |
|---|---|---|---|---|
| 176/20 | കുരിശിങ്കൽ ക്ലാരാനഗർ റോഡ് റീ-ടാറിംഗ്,പാലത്തിന് സംരക്ഷണ ഭിത്തി ,കൈവരി നിർമ്മാണം | 2 | 1200 | 2400 |
| 199/20 | പഞ്ചായത്ത് പരിധിയിലെ വിവിധ പൊതുസ്ഥാപനങ്ങളിൽ ശുചീകരണ സൗകര്യം ഒരുക്കൽ | 2 | 2500 | 5000 |
| | ആകെ | | | 21500/- |

ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട ടെണ്ടർ ഫീസ് ജില്ലാപഞ്ചായത്ത് എക്സി.എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും തിരികെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1-16 വെട്ടിമാറ്റിയ തടി ലേലം ചെയ്യതിട്ടില്ല

2019-20 സാമ്പത്തിക വർഷം XIII ാം വാർഡിൽ കുന്നംപുറം- തിടനാട് റോഡ് ചേരുന്നഭാഗത്ത് കടപുഴകി വീണ ആഞ്ഞിലിമരം മുറിച്ച് നീക്കം ചെയ്യതിനുള്ള ചെലവ് വൗച്ചർ നമ്പർ 21900229/ 15.07.19 പ്രകാരം 4000/ രൂപ നൽകിയിട്ടുണ്ട്. മരം ലേലം ചെയ്ത് തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 6/19-20 ലഭ്യമാക്കിയ മറുപടിയിൽ തടി ലേലം ചെയ്തിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് കൺസർവേറ്ററുടെ 23.11.2020 തീയതിയിലെ 168/20 നമ്പർ ഉത്തരവ് പ്രകാരം മൂല്ല്യനിർണ്ണയം നടത്തിയിട്ടുള്ളതാണ്. എന്നാൽ നാളിതുവരെ ലേല നടപടികൾ ആരംഭിച്ചിട്ടില്ല. അടിയന്തിരമായി ലേല നടപടികൾ ആരംഭിക്കേണ്ടതാണ്.

1-17 കുഴൽ കിണർ നിർമ്മാണത്തിനായി ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ ഡിപ്പോസിറ്റ് ചെയ്ത തുകയിൽ ചെലവഴിച്ചതിന് ശേഷം ബാക്കി വന്ന തുക തിരികെ ഈടാക്കിയിട്ടില്ല

പ്രോജക്ട് നം.SO118/20,SO119/20

ചെലവഴിച്ച തുക 150,000/രൂപ (മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്)

ബിൽ നം. 25/19-20 100,000 തീ16.12.19

ബിൽ നം.26/20 50,000 തീ 16.12.19

പി.എച്ച്.സി.സബ്സെന്ററിൽ കുഴൽ കിണർ നിർമ്മാണത്തിനായി രണ്ട് പ്രോജക്ടുകളിലായി 150,000/-രൂപ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ നിക്ഷേപിച്ചിരുന്നു. എന്നാൽ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് 18.6.20 ൽ നൽകിയ GWK/83/2019 വിനിയോഗസാക്ഷ്യപത്രപ്രകാരം 37035/-രൂപയുടെ ചെലവ് മാത്രമേ കുഴൽകിണറിനായി വന്നിട്ടുള്ളൂ.ബാലൻസ് തുക 112965/-രൂപയുണ്ടെന്നും വിനിയോഗസാക്ഷ്യപത്രത്തിൽ സൂചിപ്പിച്ചിട്ടുണ്ട്.ബാലൻസ് തുക തിരികെ ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.3 നൽകിയതിന് മറുപടിയായി ടി തുക തിരികെ അടവാക്കിയിട്ടില്ലെന്നും, തുക ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ നിന്നും തിരികെ ലഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക തിരികെ ഈടാക്കി മുൻകൂർ ക്രമീരിച്ച ശേഷം സർക്കാരിലേയ്ക്ക് അടവാക്കേണ്ടതാണ്.

1-18 വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കലിനായി കെ.എസ്.ഇ.ബിയിൽ ഡിപ്പോസിറ്റ്

ചെയ്ത തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല

2019-20 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിന്റെ വിവിധവാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കുന്നതിനായി 491657രൂപ പ്രൊജക്റ്റ് (നം.182/20) ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും സ്ട്രീറ്റ് മെയിൻ വലിക്കുന്നതിനായി കെ.എസ്.ഇ.ബിയിൽ നിക്ഷേപിച്ചിട്ടുണ്ട്.ടി തുകയിൽ 170,000/-രൂപയുടെ പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്.ബാക്കി 321657/- രൂപയുടെ (ബിൽ നം.31/20 Dt 10.01.20) വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ആയതിനാൽ പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ 321657/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-19 വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം - വിലയിനത്തിൽ അധികം നല്കിയ തുക തിരികെ ഈടാക്കേണ്ടതാണ്.

| | | |
|---|---|---|
| പ്രോജക്ട് നം | 56/20 | 81/20 |
| പ്രോജക്ടിന്റെ പേര് | എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം | എസ്.ടി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.സെക്രട്ടറി | അസി.സെക്രട്ടറി |
| അടങ്കൽ | 227030(വികസന ഫണ്ട്-എസ്.സി.പി) | 22703 (വികസന ഫണ്ട്-ടി.എസ്.പി) |
| ചെലവ് | 227030 ബിൽനം. 5/9.1.20 | 22703 (ബിൽനം. 6/9.1.21) |

വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം എന്ന മേൽ 2 പ്രോജക്ടുകൾ പ്രകാരം 10 ലാപ്ടോപ്പുകൾ എസ്.സി. വിദ്യാർത്ഥികൾക്കായും 1ലാപ് ടോപ്പ് എസ്.ടി വിദ്യാർത്ഥിക്കായും കെൽട്രോണിൽ നിന്ന് വാങ്ങുകയും വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ ടാക്സ് ഇൻവോയ്സ് പ്രകാരം ലാപ്ടോപ്പുകളുടെ വിലയിനത്തിൽ തുക അധികം നല്കിയതായി കാണുന്ന വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു,

| പ്രോ.നം | വിലയിനത്തിൽ നല്കിയ തുക | ടാക്സ് ഇൻവോയ്സ് പ്രകാരം വില | അധികം നല്കിയത് |
|---|---|---|---|
| 56/20 | 10*22703-227030 | 218300 | 8730 |
| 81/20 | 1*22703 -22703 | 21830 | 873 |
| ആകെ | | 8730 + 873 -9603 | 9603 |

ഇപ്രകാരം 9603 രൂപ വിലയിനത്തിൽ അധികം നല്കിയതിന് വിശദീകരണംലഭ്യമാക്കാനാവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.1) പ്രൊഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിലാണ് തുക നല്കിയതെന്നും അധികമായി നല്കിയിട്ടുള്ള 9603 രൂപ കെൽട്രോണിൽ നിന്നും തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് മറുപടി നല്കി. വിലയിനത്തിൽ അധികം നൽകിയ 9603/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തുക തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-20 ബാരൽവില സർക്കാരിലേയ്ക്ക് അടവാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ 2019-20വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ റോഡ്ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളിൽ ബാരൽ വില (236+18% GST) കിഴിച്ചുള്ള തുകയാണ് കരാറുകാരന് നൽകിയിട്ടുള്ളത്. ബാരൽ വില സെക്രട്ടറിയുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട് എന്നാൽ സർക്കുലർ നം.59827/എഫ്എം/07/തസ്വഭവ/30.10.07 പ്രകാരം ടാർ വാങ്ങാൻ തുക ചെലവഴിച്ച ഫണ്ടിലേയ്ക്ക് തന്നെ ബാരൽ വില തിരിച്ചടവാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ ബാരൽ വില പൂർണ്ണമായും തനത് ഫണ്ടിലാണ് നിക്ഷേപിച്ചു വരുന്നത്. ബാരൽ വില ബന്ധപ്പെട്ട ഫണ്ടുകളിലേയ്ക്കും, ജി എസ് റ്റി സർക്കാരിലേക്കും അടവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-21 കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ വിശകലനം

2019-20 സാമ്പത്തിക വർഷം കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ ഫയലുകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) പ്രോജക്ട് നമ്പർ-104/ 20കുറ്റി കുരുമുളക് തൈവിതരണം

കുറഞ്ഞത് 10സെന്റ് സ്ഥലമെങ്കിലും ഉള്ളവരും ചെറുകിട നാമമാത്ര കർഷകർക്കും ആനുകൂല്യം നൽകുന്നതിനാണ് പ്രോജക്ട് ലക്ഷ്യം. വികസനഫണ്ടിൽ നിന്നും 210000/രൂപ ( ബിൽ നമ്പർ-4/19-20 /20.03.20) പിൻവലിച്ച് വി.എഫ്.പി.സി.കെ.കൃഷി ബിസിനസ്സ് കേന്ദ്രത്തിൽ നിന്നും 2100 കുരുമുളക് തൈകൾ തൈ ഒന്നിന് 100 രൂപ നിരക്കിൽ നൽകി വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. 174 ഗുണഭോക്താക്കൾക്കാണ് തൈകൾ വിതരണം ചെയ്തിട്ടുള്ളത്. 17 ഗുണഭോക്താക്കൾക്ക് ഒരു യൂണിറ്റ് (1000രൂപ വിലയുള്ള തൈകൾ ) വീതം വിതരണം ചെയ്തതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് പ്രകാരം 170/ കുരുമുളക് തൈകളാണ് 17 ഗുണഭോക്താക്കൾക്കായി വിതരണം ചെയ്തിട്ടുള്ളത്. അവശേഷിക്കുന്ന 1930( 2100-170) കുരുമുളക് തൈകൾ 157 ( 174-17) ഗുണഭോക്താക്കൾക്ക് എപ്രകാരമാണ് വിതരണം ചെയ്തത് എന്നത് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. വിശദാംങ്ങൾ ഫയലിലും ലഭ്യമല്ല. വാങ്ങുന്ന തൈകൾ വിതരണം ചെയ്യുന്നതിന്റെ വിശദാംശങ്ങൾ കൃത്യമായി രജിസ്റ്ററിൽ രേഖപ്പെടുത്തി വിതരണം ചെയ്യേണ്ടതാണ്.

2) പ്രോജക്ട് നമ്പർ 102/20 വാഴക്കന്ന് വിതരണം

കുറഞ്ഞത് 10സെന്റ് സ്ഥലമെങ്കിലുമുള്ളവരും ചെറുകിട നാമമാത്ര കർഷകർക്കും ആനുകൂല്യം നൽകുന്നതിനാണ് പ്രോജക്ട് ലക്ഷ്യം. 25 തൈകൾ ഉൾപ്പെടുന്ന ഒരു യൂണിറ്റ് അടിസ്ഥാനത്തിലാണ് വിതരണം ചെയ്തത്. സ്ഥലത്തിന്റെ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി 4 യൂണിറ്റ് വരെ മാത്രം വിതരണം ചെയ്യാനാണ് പ്രോജക്ട് ലക്ഷ്യം വച്ചത്. വികസനഫണ്ടിൽ നിന്നും 112000/രൂപ ( ബിൽ നമ്പർ-3/19-20/20.03.20) പിൻവലിച്ച് വി.എഫ്.പി.സി.കെ.കൃഷി ബിസിനസ്സ് കേന്ദ്രത്തിൽ നിന്നും 7000 വാഴക്കന്നുകൾ ഒന്നിന് 16 രൂപ നിരക്കിൽ നൽകി വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. രജിസ്റ്റർ പ്രകാരം 112 ഗുണഭോക്താക്കൾക്കാണ് തൈകൾ വിതരണം ചെയ്തിട്ടുള്ളത്. 32 ഗുണഭോക്താക്കൾക്ക് ഒരു യൂണിറ്റ് (25 തൈകൾ) വീതം വിതരണം ചെയ്തതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് പ്രകാരം 800/ തൈകളാണ് (32x25) 32 ഗുണഭോക്താക്കൾക്കായി വിതരണം ചെയ്തിട്ടുള്ളത്. അവശേഷിക്കുന്ന 6200(7000-800)വാഴ തൈകൾ 80 (112-32) ഗുണഭോക്താക്കൾക്ക് എപ്രകാരമാണ് വിതരണം ചെയ്തത് എന്നത് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. വിശദാംങ്ങൾ ഫയലിലും ലഭ്യമല്ല. വാങ്ങുന്ന തൈകൾ വിതരണം ചെയ്യുന്നതിന്റെ വിശദാംശങ്ങൾ കൃത്യമായി രജിസ്റ്ററിൽ രേഖപ്പെടുത്തി വിതരണം ചെയ്യേണ്ടതാണ്.

3) പ്രോജക്ട് നമ്പർ 107/20 – കിണർ റീ ചാർജിംഗ്

ശുദ്ധജല ലഭ്യതക്കും, സംരക്ഷണത്തിനും വേണ്ടി നടപ്പാക്കിയ പ്രോജക്ടാണ്. ഗുണഭോക്താവ് സ്വന്തം ഉത്തരവാദിത്വത്തിൽ പണി പൂർത്തിയാക്കേണ്ടതും നിർമ്മാണ ചെലവിന്റെ 90% പരമാവധി 7200/ രൂപ അനുവദിക്കാവുന്നതുമാണ്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം ബന്ധപ്പെട്ട ഓവർസീയർ എഞ്ചിനീയറുടെ മൂല്യ നിർണ്ണയത്തിന്റെ അടിസ്ഥാനത്തിലാണ് സബ്സിഡി അനുവദിക്കേണ്ടത്. സ. ഉ. (സാധാ) നം2867/2018/ ത.സ്വഭവ. തീയതി 8.11.2018 പ്രകാരം കിണർ റീ- ചാർജിംഗിന് പ്രോജക്ടുകൾ ഏറ്റെടുക്കുമ്പോൾ പരമാവധി എം.ജി.എൻ. ആർ.ഇ.ജി.എസ് പദ്ധതിയുമായി ബന്ധിപ്പിച്ച് നടപ്പാക്കണമെന്ന നിബന്ധനയോടെ ഡി.പി.സി. തെരഞ്ഞെടുക്കുന്ന അംഗീകൃത ഏജൻസികലേക്കൊണ്ട് നടപ്പാക്കുന്നതിനും, ബന്ധപ്പെട്ട് ഓവർസീയർ / എഞ്ചിനീയറുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ ഏജൻസിക്ക് നേരിട്ട് ബിൽ തുക നൽകുന്നതിനും അനുമതി നൽകിയിട്ടുണ്ട്. തിടനാട് ഗ്രാമ പഞ്ചായത്തിൽപ്രോജക്ട് നടപ്പാക്കിയപ്പോൾ ഗുണഭോക്താവ് നേരിട്ട് പ്രവൃത്തി ചെയ്യുകയും , ശ്രീ.രാജുമോൻ,സി.വി, എഞ്ചിനീയറിംഗ് കൺസൾട്ടന്റ് എന്നയാൾ നൽകിയ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ സബ്സിഡി അനുവദിക്കുകയാണ് ചെയ്തത്. ഇത് ക്രമപ്രകാരമല്ല. 56 ഗുണഭോക്താക്കൽക്ക് ഓഡിറ്റ് വർഷം 7200/- രൂപ വീതം സബ്സിഡി അനുവദിച്ചിട്ടുണ്ട്.

വികസനഫണ്ടിൽ നിന്നും ഇതിനായി 403200/ രൂപ (ബിൽ നമ്പർ3/ 20-21/27.04.20)ചെലവഴിച്ചിട്ടുണ്ട്. അപാകത ആവർത്തിക്കാതിരിക്കുവാൻ നടപടി സ്വീകരിക്കേണ്ടതും പ്രോജക്ടുകൾ സർക്കാർ ഉത്തരവുകൾ പ്രകാരം നടപ്പാക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2019-20 | 24.11.21- 25.11.21 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് ഈരാറ്റുപേട്ട | 100000 | പാലിയേറ്റീവ് കെയർ വേതനവും അനുബന്ധ ചെലവുകളും(പ്രൊജക്ട് നം.83/20) | 100000 | 0 |
| | 797191 | ലൈഫ് ഭവന പദ്ധതി (പ്രൊജക്ട് നം-174/20) | 797191 | 0 |
| | 250000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് (പ്രൊജക്ട് നം-37/20) | 250000 | 0 |

| | | | | |
|---|---|---|---|---|
| | 240000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (പ്രൊജക്ട് നം-109/20) | 240000 | 0 |
| ജില്ലാ പഞ്ചായത്ത് കോട്ടയം | 590567 | ലൈഫ് ഭവന പദ്ധതി (പ്രൊജക്ട് നം-174/20) | 590567 | 0 |
| | 250000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് (പ്രൊജക്ട് നം-37/20) | 250000 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിന് നല്കിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയും പ്രകാരം ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | വിവിധ വാർഡുകളിൽവൈദ്യുതി പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ (പ്രൊജക്ട് നം-110/20) | 52602 | 0 | 52602 |
| | വിവിധ വാർഡുകളിൽസ്ട്രീറ്റ് മെയിൻ വലിക്കൽ (പ്രൊജക്ട് നം-182/20) | 491657 | 170000 | 321657 |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | പിഎച്ച്സി സബ് സെന്റർ കുഴൽ കിണർ നിർമാണം (പ്രൊജക്ട് നം-118/20) | 100000 | 0 | 100000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ എടുത്തതിന്റെയും തിരിച്ചടച്ചതിന്റേയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ | തൻവർഷം എടുത്ത | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ |
|---|---|---|---|---|

| ഉദ്ദേശ്യം | ബാക്കിയുണ്ടായിരുന്ന തുക | വായ്പ തുക | | ബാക്കിയുള്ള തുക |
|---|---|---|---|---|
| ലൈഫ് ഭവന പദ്ധതിയ്ക്ക് വേണ്ടി KURDFC യിൽ നിന്നും അനുവദിച്ച ലോൺ | 24799451 | 1920000 | 1897723(1823530/-(G.O Project) 74193/- (നേരിട്ട് തിരിച്ചടവ്) | 24821728 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം/തീയതി |
|---|---|---|---|---|
| 2018-19 | പ്രൊജക്ട് നം-119/19 (ഖ.3-4) | 2856 | ശംഭു ദേവ ശർമ്മ (കൺവീനർ) | 119010102710/30.10.2019 |
| 2012-13 | തൊഴിൽ നികുതി | 1250 | കിണറ്റുകര പ്ലാന്റേഷൻ | 119010104876/4.3.2020 |
| | ആകെ | 4106 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ | തുക (രൂപ) |
|---|---|---|---|---|---|---|
| 1999-00 | 10(b) | 2003-04 | പേജ് 63 | നിർവ്വഹണം നടത്താതെ മരാമത്ത് പണിക്ക് 50,000 രൂപ മുൻകൂർ നൽകി | | 50000 |

4-9 ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പെടെ) | : | 77972746 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 63122440 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 331260 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 321657 | മുഹമ്മദ് റഖീബ് റ്റി.എസ്.,സെക്രട്ടറി |
| 1-19 | 9603 | നോബി എം ഐസക്., അസി. സെക്രട്ടറി |
| ആകെ | 331260 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| മുഹമ്മദ് റഖീബ് റ്റി.എസ്.,സെക്രട്ടറി | സെക്രട്ടറി, കങ്ങഴ ഗ്രാമപഞ്ചായത്ത് | തുങ്ങംപറമ്പിൽ, പത്തനാട്, കങ്ങഴ പി.ഒ. |

| | | |
|---|---|---|
| നോബി എം ഐസക്., അസി. സെക്രട്ടറി | ചിറക്കടവ് ഗ്രാമപഞ്ചായത്ത്, അസി. സെക്രട്ടറി | ഓലിമാക്കൽ, മേലുകാവ് മറ്റം പി.ഒ. |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 98-99 ചെലവ് | കെഎസ്എ.കെടിഎം.പി.14-അദാ./18/207(1)/02.02.18 | 2 |
| 99-2000 ചെലവ് | കെഎസ്എ.കെടിഎം.പി.14-അദാ./18/207(2)/02.02.18 | 3 |
| 2000-01, 2001-02 | എൽ.എഫ്.കെ.പി.7/17 /04/3.2.05/04.02.05 | - |
| 2002-03 ചെലവ് | എൽഎഫ്.പി.7/184 /05/7.5.07, 12.06.2007 | - |
| 2003-04 ചെലവ് | എൽ.എഫ്.കെ.പി.1/960/അദാ (സി4)/2011 (5)/25.8.11 | 3 |
| 96-97വരവ് | എൽ.എഫ്.കെ.പി.3/913/ 07/21.11.08 | |
| 1997-98 വരവ് | എൽ.എഫ്.കെ.പി.3/914 /07/20.4.09/ 12.6.09 | |
| 2000-01 ചെലവ് | എൽ.എഫ്.കെ.പി.3/919 /07/20.4.09 | |
| 2001-02 | എൽ.എഫ്.കെ.പി.3/918 /07/20.4.09 | |
| 2002-03 വരവ് | എൽ.എഫ്.കെ.പി.3/920 /07/20.4.09 | |
| 2003-04 വരവ് | എൽ.എഫ്.കെ.പി.1/960/അദാ (സി)/2011 (6)/ 25.8.11 | 2 |
| 2004-05 | എൽ.എഫ്.കെ.പി.1/960/അദാ (സി3)/2011 (7)/ 25.8.11 | 03 |
| 2005-06 | എൽ.എഫ്.കെ.പി.1/960/അദാ (സി4)/2011 (8)/25.8.11 | 05 |
| 2006-07 | എൽ.എഫ്.കെ.പി.1/960/അദാ (സി4)/2011 (9)/25.8.11 | 03 |
| 2007-08 | എൽ.എഫ്.കെ.പി.2/344 | |

| | | |
|---|---|---|
| | /12/8.5.12 | |
| 2008-09 | എൽ എഫ്.കെ.പി.2/444 /11/30.4.13 | 11 |
| 2009-10 | എൽ.എഫ്.കെ.പി.2/445 /11/8.2.13 | |
| 2010-11, 11-12 | എൽ.എഫ്.കെ.പി.2/817 /13/3.12.13 | |
| 2012-13 | എൽ.എഫ്.കെ.പി.2/1469/14/ 4.3.15 | 14 |
| 2013-14 | കെ.എസ്.എ- കെ.ടി.എം.പി.14/72/20 05.06.2020 | 7 |
| 2014-15 | കെ.എസ്.എ- കെ.ടി.എം.പി.2/1738/ 16/12.11.2016 | 08 |
| 2015-16 | കെ.എസ്.എ- കെ.ടി.എം.പി.14/442(എ)/19, 25.06.2019 | 7 |
| 2016-17 | കെ.എസ്.എ- കെ.ടി.എം.പി.14-442(13)/19 /03.09.2019 | 12 |
| 2017-18 | കെ.എസ്.എ- കെ.ടി.എം.പി.14/2067 /18/27.04.19 | 17 |
| 2018-19 | കെ.എസ്.എ- കെ.ടി.എം.പി.14/1012 /19/10.02.2020 | 11 |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

കോട്ടയം, ജില്ലാ ഓഡിറ്റ് കാര്യാലയം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ തിടനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ തിടനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്